# മേശപ്പുറത്ത് വച്ച കടലാസുകൾ

ചട്ടം 47(2) പ്രകാരമുള്ളത്

1. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ആരോഗ്യവും, കുടുംബക്ഷേമവും, ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1799, രണ്ടാം സമ്മേളനത്തിലെ 6527, അഞ്ചാം സമ്മേളനത്തിലെ 8272, പത്താം സമ്മേളനത്തിലെ 818, 819, 2619, 2586, 2598, 2612 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 826, ഒൻപതാം സമ്മേളനത്തിലെ 853, പത്താം സമ്മേളനത്തിലെ 950 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 2509, പത്താം സമ്മേളനത്തിലെ 2746 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

4. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 1011, എട്ടാം സമ്മേളനത്തിലെ 2574, ഒൻപതാം സമ്മേളനത്തിലെ 944, പത്താം സമ്മേളനത്തിലെ 1049, 1061 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## അറിയിപ്പ്

മി. സ്പീക്കർ: ബ്രസീലിൽ നടക്കുന്ന ലോകകപ്പ് ഫുട്ബോൾ മത്സരത്തിന്റെ ആവേശത്തിൽ പങ്കുചേരാൻ കേരള നിയമസഭയും, തിരുവനന്തപുരം പ്രസ്സ് ക്ലബ്ബും, ജില്ലാ ഫുട്ബോൾ അസോസിയേഷനും സംയുക്തമായി 17-06-2014-ന് (ചൊവ്വാഴ്ച) നിയമസഭാ സമ്മേളനത്തിനുശേഷം സെൻട്രൽ സ്റ്റേഡിയത്തിൽ വച്ച് ഒരു സൗഹൃദ ഫുട്ബോൾ മത്സരം സംഘടിപ്പിക്കുന്നതാണ്. നിയമസഭാ അംഗങ്ങളുടെ എം.എൽ.എ.-11 അർജന്റീന ജേഴ്സിയിലും പ്രസ്സ് ക്ലബ്ബ് സെലിബ്രിറ്റി-11 ബ്രസീൽ ജേഴ്സിയിലുമാണ് കളിക്കുന്നത്. ചടങ്ങിൽ പങ്കെടുക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പ്രതിപക്ഷ നേതാവിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വിവരം സഭയെ അറിയിക്കുന്നു.